*04-06-2026*
*Papers laid on the table: White paper on the financial position of the State*

**മേശപ്പുറത്തുവച്ച കടലാസ്**

മി. സ്പീക്കർ: സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്)

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ആദ്യം അത് പ്ലെയിസ് ചെയ്യട്ടെ.

മി. സ്പീക്കർ: അങ്ങനെയാണ് ചെയ്യേണ്ടത്. ലേ ചെയ്യുന്നതിനെയാണോ അങ്ങ് ഒപ്പോസ് ചെയ്യുന്നത്? അതിന് 303 അനുസരിച്ച് ഒരു കുറിപ്പ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ നൽകിയിട്ടുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം കമന്റ് ചെയ്താൽ ....

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ എന്താണ് ചെയ്യേണ്ടത്; അങ്ങ് വിളിച്ചതനുസരിച്ച് ഇത് അവതരിപ്പിക്കണോ....

മി. സ്പീക്കർ: ധവളപത്രത്തെ സംബന്ധിച്ച് ഒരു വിയോജനക്കുറിപ്പ് ലഭിച്ചിട്ടുണ്ട്. അതിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ആദ്യം ധവളപത്രം ലേ ചെയ്യുക. അത് സഭയുടെ പ്രോപ്പർട്ടി ആകട്ടെ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്) ...(ബഹളം)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 2 പ്രകാരമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി അങ്ങേയ്ക്കുള്ള ഒബ്ജക്ഷൻ പറയാവുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, മേശപ്പുറത്തുവച്ചതിനുശേഷം എങ്ങനെയാണ് ഒബ്ജക്ഷൻ വരുന്നത്?

*04-06-2026*
*Papers laid on the table: White paper on the financial position of the State*

**ക്രമപ്രശ്നം**

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒരു ധവളപത്രം വയ്ക്കുന്നത് നല്ല കാര്യമാണ്. ഞങ്ങളും അംഗീകരിക്കുന്നു. ധവളപത്രം കൃത്യമായി തയ്യാറാക്കിയാൽ അതിൽ എല്ലാ കാര്യങ്ങളും വരും. ധവളപത്രം ഇറക്കുന്നതിൽ ഞങ്ങൾക്ക് ഒരു പേടിയുമില്ലെന്ന് മാത്രമല്ല നുണ പറഞ്ഞുകൊണ്ടിരിക്കുന്നത് മാറി സത്യം പുറത്തുവരുന്നത് നല്ലതാണ്. ആ ധവളപത്രം വയ്ക്കുമ്പോൾ അതിനകത്ത് ചില പ്രൊപ്രൈറ്റിയുണ്ട്. ധവളപത്രം തയ്യാറാക്കുന്ന കമ്മിറ്റി അംഗങ്ങളെക്കുറിച്ച് പത്രത്തിൽ വായിച്ചു. അവരെല്ലാവരും എനിക്ക് വ്യക്തിപരമായി നല്ല ബഹുമാനമുള്ള ആളുകളാണ്. ഈ രംഗത്ത് വളരെ നല്ല അക്കാദമിക് ഭരണ പരിചയമുള്ള ആളുകളുമാണ്. സാധാരണ ധനകാര്യ വകുപ്പിന്റെ ഒരു ധവളപത്രം അവതരിപ്പിക്കുമ്പോൾ ഗവൺമെന്റ് രേഖകൾ പരിശോധിച്ചാണ് തയ്യാറാക്കുന്നത്. ഞാൻ അങ്ങേയ്ക്ക് നൽകിയ നോട്ടീസിൽ വിശദമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ, അതിനെ സംബന്ധിച്ച് ഈ ക്രമപ്രശ്നം ഉന്നയിച്ചാൽ ബന്ധപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഇവിടെ ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായതുകൊണ്ട്, അദ്ദേഹം മറുപടി പറയുകയും അതുസംബന്ധിച്ച് ചെയർ റൂളിങ് നൽകുകയും ചെയ്യുകയെന്നതാണ് സഭാ നടപടി. ഞാൻ കഴിഞ്ഞ അഞ്ച് വർഷക്കാലമായി സഭയിൽ എത്രയോ കാര്യങ്ങൾ കണ്ടത് അത്തരത്തിലാണ്. ഏറ്റവും സജീവമായ ഒരു അംഗമായി അങ്ങും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുള്ളതാണ്. അതായിരുന്നു ചെയ്യേണ്ടിയിരുന്നത്. അല്ലാതെ ബഹളത്തിനിടയിൽ ലേ ചെയ്തശേഷം കൈയടിച്ചിട്ട് കാര്യമില്ല. എന്തായാലും നിങ്ങൾ ധവളപത്രം മേശപ്പുറത്തുവയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യും. ധവളപത്രം മേശപ്പുറത്തുവയ്ക്കുന്നതിലല്ല തർക്കം. ധവളപത്രം മേശപ്പുറത്തുവയ്ക്കുന്നതിന് നിയമസഭയ്ക്കകത്ത് ഒരു നടപടിക്രമമുണ്ട്, നിയമപരമായ കാര്യമുണ്ട്. ബഹുമാനപ്പെട്ട ചെയറാണ് ഇതിനെ പ്രൊട്ടക്റ്റ് ചെയ്യേണ്ടത്. ഇവിടത്തെ പ്രശ്നമെന്താണ്; ഇങ്ങനെ മൂന്ന് വ്യക്തികൾ അംഗങ്ങളായ കമ്മിറ്റി രൂപീകരിക്കുമ്പോൾ ഫിനാൻസിന്റെ ഏറ്റവും രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ പരിശോധിച്ചാൽ മാത്രമെ ധവളപത്രം തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ധവളപത്രം ആദ്യം കൊണ്ടുവന്നത് ബ്രിട്ടീഷുകാരാണ്. അവിടത്തെ ഗവൺമെന്റ് ഡോക്യുമെന്റാണ്. ഇന്നിപ്പോൾ

പ്രൈവറ്റ് മേഖലയിലുമുണ്ട്. സർക്കാരിൽ ഓഡിറ്റ് ചെയ്യാനുള്ള അവകാശം ആർക്കാണുള്ളത്? സി.&എ.ജി.-ക്ക് മാത്രമെ ഓഡിറ്റ് ചെയ്യാനുള്ള അവകാശമുള്ളൂ. ഏതെങ്കിലും ഒരു പ്രൈവറ്റ് ഏജൻസിയെ വച്ച് നമുക്ക് ഓഡിറ്റ് ചെയ്യാൻ സാധിക്കുമോ? ഇന്ത്യയിലെ/ലോകത്തെ ഏറ്റവും പ്രശസ്തമായ ഓഡിറ്റ് ഓർഗനൈസേഷൻസിന് ഓഡിറ്റ് ചെയ്യാൻ സാധിക്കുമോ? എല്ലായപ്പോഴും ധനകാര്യ വകുപ്പാണ് ഇത് തയ്യാറാക്കുന്നതും ധവളപത്രം ഇറക്കുന്നതും. 2011-ൽ യു.ഡി.എഫ്. ഇറക്കിയ വൈറ്റ് പേപ്പറിന്റെ കോപ്പിയാണ് എന്റെ കൈയിലുള്ളത്. ഫിനാൻസ് ഡിപ്പാർട്ട്മെന്റാണ് അത് തയ്യാറാക്കിയത്. ദിവസേനയുള്ള നമ്മുടെ ഫിനാൻസിന്റെ ഇൻഫ്ലോയും ഔട്ട്ഫ്ലോയും പ്രൊജക്ഷനുമെല്ലാം ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പ് സെക്രട്ടറിക്കും വളരെ കുറച്ച് ഉദ്യോഗസ്ഥർക്കും മാത്രമെ കൃത്യമായി അറിയാൻ സാധിക്കുകയുള്ളൂ. സഭയിൽ ധനകാര്യത്തെക്കുറിച്ച് ബഹളമുണ്ടാകുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി അത് നൽകാമെന്ന് പറയുന്നത് ആ രഹസ്യ ഡോക്യുമെന്റിനെക്കുറിച്ച് അറിയുന്നതുകൊണ്ടാണ്. അത് സർക്കാരിന്റെ ഒരു രഹസ്യ രേഖയാണ്. അതിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാവുന്നതുകൊണ്ടും പ്ലാനിങ്ങുള്ളതുകൊണ്ടുമാണ്. ഇത്തരം രേഖകൾ സർക്കാരിന് പുറത്തുള്ള വ്യക്തികൾക്ക് നൽകുകയെന്നത് ഔദ്യോഗിക രഹസ്യ രേഖകൾ ആർക്കും നൽകില്ലെന്ന സത്യപ്രതിജ്ഞയുടെ ലംഘനം കൂടിയല്ലേ? അതൊരു ക്രമപ്രശ്നമല്ലേ? ഔദ്യോഗിക രഹസ്യ രേഖകൾ ഒരു പ്രൈവറ്റ് ചാർട്ടേഡ് അക്കൗണ്ടന്റിനെയോ വലിയ കമ്പനികളെയോപ്പോലും ഏൽപ്പിക്കാൻ സാധിക്കാത്ത കാര്യമാണ്. ഈ കമ്മിറ്റിയിലെ അംഗങ്ങളെക്കുറിച്ച് എനിക്ക് അഭിപ്രായവ്യത്യാസമില്ല. കമ്മിറ്റി അംഗങ്ങളുടെ വ്യക്തിത്വത്തെയും ഇന്റഗ്രിറ്റിയെയും ചോദ്യം ചെയ്യുന്നില്ല. നാളെ ഇതൊരു കീഴ്‌വഴക്കമായെടുത്ത് ഏതെങ്കിലും മൂന്ന് വ്യക്തികളെ കൊണ്ടുവന്നൊരു പൊളിറ്റിക്കൽ ഡോക്യുമെന്റ് തയ്യാറാക്കാം. ഇപ്പോൾ ഇവർക്ക് നൽകിയിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമെ അവർക്ക് റിപ്പോർട്ട് തയാറാക്കാൻ സാധിക്കുകയുള്ളൂ. നൽകിയിരിക്കുന്ന രേഖകൾ ശരിയായതല്ലെങ്കിൽ അതുവച്ച് തയ്യാറാക്കുന്ന റിപ്പോർട്ടും പോളിറ്റിക്കൽ രേഖയാകാം. പൊളിറ്റിക്കലായി ഉപയോഗിക്കാനല്ല ധവളപത്രം. ഉമ്മൻചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ധനകാര്യ വകുപ്പിനെക്കൊണ്ട് തയ്യാറാക്കിയ ഒരു

ധവളപത്രമുണ്ട്. അതുപോലെ 2016-ൽ എൽ.ഡി.എഫ്. സർക്കാർ ധനകാര്യ വകുപ്പിന്റെ സഹായത്തോടെ ധവളപത്രം ഇറക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ഔദ്യോഗികമായി ധവളപത്രം ഇറക്കാതെ പുറത്തുനിന്നുള്ള വ്യക്തികളെക്കൊണ്ട് തയ്യാറാക്കിക്കുന്ന ധവളപത്രം ശരിയാകുമോ എന്നതാണ് ഒരു പ്രധാന പ്രശ്നം. ധവളപത്രത്തിന്റെ ഉള്ളടക്കം എന്താണെന്ന് പരിശോധിച്ചശേഷം അതിനെക്കുറിച്ച് സംസാരിക്കാം. ധവളപത്രം ഇറക്കുന്നതിനെക്കുറിച്ചുള്ള തർക്കമല്ല. പുറത്തുനിന്നുള്ള വ്യക്തികളെക്കൊണ്ട് ധവളപത്രം തയ്യാറാക്കുന്ന രീതി വന്നാൽ, നാളെ ഇതൊരു കീഴ്വഴമാക്കാൻ പാടില്ല. സർക്കാരിന്റെ ഔദ്യോഗിക ധനകാര്യരേഖകൾ വളരെ രഹസ്യ സ്വഭാവമുള്ളതാണ്. ഓരോ മാസത്തെയും ധനകാര്യം കൈകാര്യം ചെയ്യുന്ന വിധം വളരെ കുറച്ച് ഉദ്യോഗസ്ഥർക്ക് മാത്രം അറിയാവുന്ന കാര്യമാണ്. എൽ.ഡി.എഫ്. സർക്കാർ ആയാലും യു.ഡി.എഫ്. സർക്കാർ ആയാലും ആ രഹസ്യം പുറത്തുപോയാൽ സർക്കാരിന്റെ പ്രവർത്തനങ്ങളെയാകെ തകിടം മറിക്കാൻ സാധിക്കും. അങ്ങനെയുള്ള രേഖകൾ സർക്കാരിന് പുറത്തുള്ള വ്യക്തികൾക്ക് നൽകി ധവളപത്രം പുറത്തിറക്കുന്നത് ശരിയല്ല. വളരെ രഹസ്യമായാണ് ധനകാര്യ വകുപ്പിൽ ധവളപത്രം തയ്യാറാക്കേണ്ടത്. ധനകാര്യ വകുപ്പിൽ സീക്രട്ട് സെക്ഷനുകൾ എന്തിനാണുള്ളത്. ധനകാര്യ വകുപ്പ് സി.&എ.ജി.-ക്ക് പോലും രേഖകൾ പരിശോധിച്ചതിനുശേഷം മാത്രമെ നൽകുകയുള്ളൂ. സി.&എ.ജി.-ക്ക് പോലും നൽകാത്ത കണക്കുകളാണ് പുറത്തുള്ള വ്യക്തികൾക്ക് നൽകി ധവളപത്രം തയ്യാറാക്കുന്നതെങ്കിൽ അതൊരു ശരിയായ കാര്യമല്ല. അതൊരു ഭരണഘടന ലംഘനവും സത്യപ്രതിജ്ഞാ ലംഘനവുമാണ്. സംസ്ഥാന സർക്കാർ ധനവിനിയോഗം കൈകാര്യം ചെയ്യാൻ ചുമതല ഏൽപ്പിച്ചിരിക്കുന്ന ധനകാര്യ വകുപ്പും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യങ്ങൾ രഹസ്യമായി കൈകാര്യം ചെയ്യുന്നതിന് വകുപ്പ് ഉദ്യോഗസ്ഥരെ ചുമതല ഏൽപ്പിക്കുന്നതിനുപകരം പരസ്യമായിട്ടല്ല ധവളപത്രം തയ്യാറാക്കേണ്ടത്. ആ ഉദ്യോഗസ്ഥരുടെ integrity സംബന്ധിച്ച് ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഇതൊരു കീഴ്വഴക്കമാണ്. ഇത് പിന്തുടർന്ന് നാളെ ആരെ നിയോഗിച്ചും ധവളപത്രം തയ്യാറാക്കാം. അത് ചെയ്യാൻ പാടില്ല. അതൊരു ഭരണഘടനാപ്രശ്നവും നമ്മുടെ പ്രൊപ്രൈറ്റിയുടെ പ്രശ്നവും സഭയുടെ അവകാശത്തിന്റെയും നിയമത്തിന്റെയും മുകളിലുള്ള

കടന്നുകയറ്റവുമാണ്. അതുകൊണ്ടാണ് എതിർപ്പ് അറിയിച്ചത്. അതിനെ സംബന്ധിച്ചൊരു റൂളിങ് ആവശ്യമാണ്. ധവളപത്രം മേശപ്പുറത്തുവച്ചാലും അതിനൊരു റൂളിങ് വേണം. ഇത് നാളെ ഒരു ചരിത്രമാകാൻ പാടില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഒന്നാമത്തെ കാര്യം നിയമസഭ നടപടിക്രമങ്ങളുടെ ഒരു ലിസ്റ്റ് നിയമസഭ പുറത്തിറക്കിയതിനുശേഷം ആ നടപടിക്രമങ്ങൾ അനുസരിച്ച് മേശപ്പുറത്തുവയ്ക്കുന്ന ഒരു കടലാസ് എന്ന ഐറ്റത്തിലാണ് ഞാൻ ഈ ധവളപത്രം മേശപ്പുറത്തുവച്ചത്. അത് വയ്ക്കുകയെന്നത് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടെ ചെയ്യുന്ന ഒരു കാര്യമാണ്. അത് വച്ചതിനുശേഷമാണ് 303 പ്രകാരമുള്ള എതിർപ്പ് അവതരിപ്പിക്കേണ്ടത്. അല്ലാതെ കടലാസ് മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പല്ല. അങ്ങ് പറഞ്ഞല്ലോ, അഞ്ച് വർഷംകൊണ്ട് നിയമസഭാ നടപടിക്രമങ്ങൾ അങ്ങേയ്ക്ക് അറിയാമെന്ന്. ഞാൻ 25 വർഷമായി ഈ സഭയിലെ അംഗമാണ്. ഇതാണ് നടപടിക്രമങ്ങൾ. അങ്ങ് ഇതിനുമുമ്പുള്ള കാര്യങ്ങളെടുത്ത് പരിശോധിച്ചാൽ മനസിലാകും. ഒരു ബിൽ പോലും പൈലറ്റ് ചെയ്തിട്ടാണ് ലീഗൽ ഒബ്ജക്ഷൻ കൊണ്ടുവരുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഉന്നയിച്ച എല്ലാകാര്യങ്ങളും അടിസ്ഥാനരഹിതമാണ്. രഹസ്യമായ ഒരു രേഖകളും പുറത്തേക്ക് പോയിട്ടില്ല. ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിലും കാബിനറ്റിന്റെ അനുമതിയോടും കൂടിയാണ് ധവളപത്രം തയ്യാറാക്കിയിരിക്കുന്നത്. കാബിനറ്റിന്റെ അംഗീകാരം ഈ ധവളപത്രത്തിനുണ്ട്. ഇതെല്ലാം പബ്ലിക് ഡൊമെയ്നിലുള്ള രേഖകളാണ്. സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത് 'കേരളാ ഫിസ്കൽ ഹെൽത്ത്' എന്ന രേഖയാണ്. കേരളത്തിന്റെ സാമ്പത്തിക ആരോഗ്യത്തെക്കുറിച്ചുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ടാണ് ഗവൺമെന്റ് സഭയിൽ വച്ചിരിക്കുന്നത്. കാരണം, കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ, മന്ത്രിമാർ, ജനപ്രതിനിധികൾ, എം.എൽ.എ.-മാർ, ബ്യൂറോക്രസി, ഇത് തയ്യാറാക്കുന്ന വ്യക്തികൾ എല്ലാവരും കേരളത്തിലെ സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള യഥാർഥ ചിത്രം അറിഞ്ഞിരിക്കണം. ഇതെല്ലാം പബ്ലിക് ഡൊമെയ്നിലുള്ള വിവരങ്ങൾ മാത്രമാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS)-ൽ എല്ലാ ഡോക്യുമെന്റുകളുമുണ്ട്. CDS-ന്റെ ചെയർമാൻ ഈ കമ്മിറ്റിയിലെ അംഗമാണ്.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണം ഗവൺമെന്റ് തേടിയിട്ടുണ്ട്. അവരുടെ എല്ലാ ഡോക്യുമെന്റുകളുമുണ്ട്. മാത്രമല്ല ഈ ഡോക്യുമെന്റ് എന്നുപറയുന്നത് എല്ലാ വർഷവും ബജറ്റിൽ പ്രഖ്യാപിക്കുന്ന കാര്യങ്ങളാണ്. എല്ലാ വർഷത്തെയും പ്ലാൻ ഡോക്യുമെന്റാണ്. ഇതൊന്നും രഹസ്യ സ്വഭാവമുള്ള ഡോക്യുമെന്റല്ല. പബ്ലിക് ഡൊമൈയ്നിലുള്ള മുഴുവൻ ഡോക്യുമെന്റുകളും കൃത്യമായി അനലൈസ് ചെയ്തിരിക്കുകയാണ്. അതിന് ഏറ്റവും വിദഗ്ധരായ മൂന്നുപേരുടെ സഹായം ഗവൺമെന്റ് തേടി. ഡൽഹിയിൽ കാബിനറ്റ് സെക്രട്ടറിയും സംസ്ഥാനത്തെ പ്ലാനിങ് ബോർഡിന്റെ ഉപാധ്യക്ഷനുമായിരുന്ന ശ്രീ. കെ. എം. ചന്ദ്രശേഖർ, അദ്ദേഹം ഏറ്റവും പരിണിതപ്രജ്ഞനായ സാമ്പത്തിക വിദഗ്ധനാണ്. എക്കണോമിസ്റ്റ് ഡോ. ഡി. നാരായണൻ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS)-ന്റെ ചെയർമാൻ കൂടിയായ ഡോ. വീരമണി എന്നിവരാണ്. മാത്രമല്ല, മുഴുവൻ സ്ഥലങ്ങളിലെയും സാമ്പത്തികകാര്യ വിദഗ്ധരുൾപ്പടെയുള്ളവരുടെ പല നോട്ടുകളും പരിശോധിച്ച് ധനകാര്യവകുപ്പിന്റെ നേതൃത്വത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

എല്ലാകാര്യങ്ങളും നമുക്ക് അറിയണമെന്നില്ല. നമുക്ക് അറിയാൻ സാധിക്കാത്ത ഒരുപാട് കാര്യങ്ങളുമുണ്ട്. ഓരോ രംഗത്തെയും വിദഗ്ധരായ ആളുകളുടെ സേവനവും ഉപദേശവും ഉറപ്പാക്കിക്കൊണ്ടാണ് ഓരോ കാര്യങ്ങളും ചെയ്യാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. നമുക്ക് എല്ലാകാര്യങ്ങളെയും കുറിച്ച് പൂർണ്ണമായ അറിവുണ്ടാകണമെന്നില്ല. ലോകത്തിൽ ഒരുപാട് മാറ്റങ്ങളും സംഭവവികാസങ്ങളും നടക്കുകയാണ്. അതെല്ലാം അറിയാനും മനസിലാക്കാനും അതനുസരിച്ചുള്ള ഒരു പുതുയുഗ കേരളം കെട്ടിപ്പടുക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുന്നു. ഇവിടെ പലപ്പോഴും വച്ചിട്ടുള്ള ധവളപത്രങ്ങൾ പൊളിറ്റിക്കൽ പേപ്പറുകളാണ്. It is not a political document.

ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികാരോഗ്യം സംബന്ധിച്ച ഒരു സ്റ്റാറ്റസ് റിപ്പോർട്ടാണ്. കേരളത്തിന്റെ ഭാവി കെട്ടിപ്പടുക്കുന്നതിന് ഏറ്റവും പ്രയോജനകരമാകുന്ന ഒരു ബേസിക് ഡോക്യുമെന്റാണിത്. കെട്ടിപ്പൊക്കിയ മിഥ്യകളൊന്നും ശരിയല്ല എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

ധവളപത്രത്തിലുള്ള കാര്യങ്ങൾ കൃത്യമായി വായിച്ചുനോക്കി അക്കാര്യങ്ങൾ എല്ലാവരും മനസ്സിലാക്കിയാൽ മതിയാകും. ഒരു സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയും പ്ലാനും തയ്യാറാക്കിയപ്പോൾ അടിസ്ഥാനപരമായ കാര്യങ്ങൾ ശ്രദ്ധിക്കാതെ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ കുഴിമാന്തുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതെല്ലാം നാം അറിയണം. ഇതെല്ലാം മനസ്സിലാക്കണമെങ്കിൽ വിദഗ്ധോപദേശം ആവശ്യമാണ്. ഇനിയുള്ള എല്ലാ കാര്യങ്ങളിലും വിദഗ്ധോപദേശം നേടിയായിരിക്കും സർക്കാർ മുന്നോട്ട് പോകുന്നത്. വിദഗ്ധരുടെ സേവനവും ഉപദേശവും ഈ ധവളപത്രം തയ്യാറാക്കുന്നതിന് സഹായകരമായിട്ടുണ്ട്. അവരോട് നന്ദി പറയാൻകൂടി ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. ചട്ടങ്ങളും നടപടിക്രമങ്ങളും ലംഘിക്കാതെ എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായി പാലിച്ചുകൊണ്ടാണ് പ്രസ്തുത ധവളപത്രം തയ്യാറാക്കിയിട്ടുള്ളത്. ഇത് ഭാവികേരളം കെട്ടിപ്പടുക്കുന്നതിനുള്ള അടിസ്ഥാനരേഖയായി മാറണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

മി.സ്പീക്കർ: ഇന്ന് സർക്കാർ സഭയുടെ മേശപ്പുറത്തുവച്ചിരിക്കുന്ന ധവളപത്രം.....

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ, വീണിടത്ത് കിടന്ന് ഉരുളൽ എന്നതുപോലെയായിരുന്നു. നമ്മുടെ സംസ്ഥാനം ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള ധവളപത്രങ്ങളൊക്കെ പൊളിറ്റിക്കൽ ഡോക്യുമെന്റ് ആയിരുന്നു. ഇതാണ് ശരിയായ ധവളപത്രം എന്നാണ് അദ്ദേഹം പറയുന്നത്. അത് വിചിത്രമായൊരു വാദമാണ്. നമ്മുടെ സംസ്ഥാനത്ത് മാറി വന്ന സർക്കാരുകൾ ധവളപത്രം ഇറക്കിയിട്ടുണ്ട്. ഇവിടത്തെ പ്രശ്നം ധനകാര്യ വകുപ്പിനെ ഇരുട്ടിൽ നിർത്താൻ പാടില്ലെന്നതാണ്. ഇതിനുമുമ്പുള്ള എല്ലാ എൽ.ഡി.എഫ്./യു.ഡി.എഫ്. സർക്കാരുകളുടെ കാലഘട്ടങ്ങളിലും ധനകാര്യ വകുപ്പാണ് ധവളപത്രം തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഇപ്പോൾ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരല്ല ഇത് തയ്യാറാക്കിയിട്ടുള്ളത്. അതാണ് ഗൗരവമായ വിഷയം. ധനകാര്യവകുപ്പ് നേരത്തെ തയ്യാറാക്കിയിട്ടുള്ള ഇതുസംബന്ധിച്ച ഡോക്യുമെന്റുകൾ പൊളിറ്റിക്കൽ ഡോക്യുമെന്റാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചത് വിചിത്രമായൊരു വാദമായിപ്പോയി. ശരിക്കും ഇതാണ് പൊളിറ്റിക്കൽ ഡോക്യുമെന്റ്. അത്തരമൊരു പൊളിറ്റിക്കൽ ഡോക്യുമെന്റ് ഇവിടെ കൊണ്ടുവന്നത് തീർത്തും അനുചിതമായ

നടപടിക്രമമാണ്. ഉപദേശം തേടുന്നവരെക്കുറിച്ച് ഞങ്ങൾക്കാർക്കും വ്യത്യസ്ത അഭിപ്രായമില്ല. പല കാര്യങ്ങളിലും ഗവൺമെന്റിന് വിദഗ്ധരുടെ ഉപദേശം തേടേണ്ടതായിവരും. പക്ഷെ ധവളപത്രം തയ്യാറാക്കുന്നത് ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നായിരിക്കണമായിരുന്നു. ആയതിന്റെ വ്യതിയാനമാണുണ്ടായിട്ടുള്ളത്. ഇതൊരു കൃത്യമായ പൊളിറ്റിക്കൽ ഡോക്യുമെന്റാണ്. ഉള്ളടക്കം പരിശോധിച്ചശേഷം ബാക്കി കാര്യങ്ങൾ സൂചിപ്പിക്കാം.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ നടത്തിയതാണ് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ്. അങ്ങ് ഇതിനെതിരായി ഒരാക്ഷേപം ഉന്നയിക്കുമ്പോൾ, ഏത് നടപടിക്രമവും ആക്റ്റും റൂൾസും പ്രൊസീജ്യറും ലംഘിച്ചുകൊണ്ടാണ് ഇത് തയ്യാറാക്കിയിട്ടുള്ളതെന്ന് പറയാൻ കഴിയണം, അതിന് കഴിഞ്ഞിട്ടില്ല. അതേതാണെന്ന് സൂചിപ്പിക്കാമായിരുന്നു. പൊളിറ്റിക്കൽ ഡോക്യുമെന്റാണെന്ന് പറയുമ്പോഴും അങ്ങത് വായിച്ച് നോക്കിയിട്ടില്ലെന്ന കാര്യം വിസ്മരിക്കരുത്. രേഖയുടെ പകർപ്പ് ഇപ്പോൾ അങ്ങയുടെ കൈവശം ലഭിക്കുന്നതേയുള്ളൂ. അതിനുമുമ്പ് ഇതൊരു പൊളിറ്റിക്കൽ ഡോക്യുമെന്റാണെന്ന് എങ്ങനെയാണ് മുൻകൂട്ടി പറയുന്നത്. മുൻവിധിയോടുകൂടിയാണ് അങ്ങ് സംസാരിക്കുന്നത്. കാബിനറ്റ് പരിശോധിച്ചതുകൊണ്ട് അതുസംബന്ധിച്ച് വ്യക്തമായി എനിക്കറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഡോക്യുമെന്റ് കണ്ടിട്ടുപോലുമില്ല. കാണുന്നതിനുമുമ്പ് ഇതാണ് പൊളിറ്റിക്കൽ ഡോക്യുമെന്റെന്ന് പറഞ്ഞത് ഉചിതമായില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനുള്ള മറുപടിയാണ്. നേരത്തെയുള്ളതെല്ലാം പൊളിറ്റിക്കൽ ഡോക്യുമെന്റ് ആയിരുന്നുവെന്ന് അദ്ദേഹമാണ് പറഞ്ഞത്. അതിനുള്ള മറുപടിയാണ് ഞാൻ പറഞ്ഞത്. അതാണ് ശ്രദ്ധിക്കേണ്ടത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാനിവിടെ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് രേഖകളിലുണ്ട്. (ബഹളം)... Its on record.. ഇതിന് മുമ്പ് കൊണ്ടുവന്ന പല ധവളപത്രങ്ങളും പൊളിറ്റിക്കൽ ഡോക്യുമെന്റുകളായിരുന്നു, ഇത് അതല്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അത് പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്...(ബഹളം)... അംഗങ്ങൾ ബഹളമുണ്ടാക്കേണ്ട

ആവശ്യമില്ല... അദ്ദേഹം പറഞ്ഞതിന്റെ മറുപടിയാണ് ഞാൻ പറഞ്ഞത്.

മി.സ്പീക്കർ: യെസ്.. യെസ്..

ശ്രീ. വി. ഡി. സതീശൻ: ഇതിനുമുമ്പ് ഇങ്ങനെയാണ് ചെയ്തത്. അതുകൊണ്ട് നിങ്ങളും ഇങ്ങനെ ചെയ്യണം. പാലിക്കേണ്ട ഏതെങ്കിലും നടപടിക്രമങ്ങൾ ലംഘിച്ചാണ് ഇത് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ നിങ്ങൾക്കത് പറയാം. ഞങ്ങൾക്ക് ഞങ്ങളുടേതായ രീതിയുണ്ട്. നിങ്ങൾ പിന്തുടർന്ന നയം തുടരാനല്ല ഞങ്ങളിവിടെ ഇരിക്കുന്നത്. ഞങ്ങളെ ജനങ്ങൾ ഇവിടെയിരുത്തിയിരിക്കുന്നത് അതിനല്ല. ആ നയങ്ങൾക്കും സമീപനങ്ങൾക്കും മാറ്റമുണ്ടാകണം. നിങ്ങളെ പരാജയപ്പെടുത്തി ഞങ്ങളെ വിജയിപ്പിച്ച് ഈ കസേരകളിൽ ഇരുത്തിയിരിക്കുന്നത് അതിനാണ്. ആ മാറ്റം ഉണ്ടാകുകതന്നെ ചെയ്യും.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ നടപടിക്രമങ്ങളുടെ ലംഘനമുണ്ടാകരുത് എന്നതാണ് ഞങ്ങൾ ഉദ്ദേശിച്ചത്. എന്നാൽ നടപടിക്രമങ്ങളുടെ ലംഘനം പൂർണ്ണമായി ഉണ്ടായിരിക്കുന്നു. തിരഞ്ഞെടുപ്പ് വിജയംകൊണ്ട് എന്തുമാകാമെന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുന്നത് ശരിയായ നടപടിയല്ല.